പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2741 27.01.2014 -ൽ മറുപടിക്ക്.

## സ്വകാര്യ ആശുപത്രിയിലെ നഴ്സുമാർക്ക് ട്രെയിനിംഗ് വ്യവസ്ഥ ഏർപ്പെടുത്തുന്ന ഉത്തരവ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജി. സുധാകരൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീമതി കെ. എസ്. സലീഖ<br>ശ്രീ. ആർ. രാജേഷ് | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സ്വകാര്യ ആശുപത്രിയിലെ നഴ്സുമാർക്ക് ട്രെയിനിംഗ് വ്യവസ്ഥ ഏർപ്പെടുത്തിക്കൊണ്ട് 2012 ൽ സർക്കാർ ഉത്തരവിറക്കാനുണ്ടായ സാഹചര്യമെന്തായിരുന്നുവെന്ന് അറിയിക്കുമോ; | (എ) സ്വകാര്യ ആശുപത്രി രംഗത്തെ പൊതുവായ പ്രശ്നങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ഈ രംഗത്തു പ്രവർത്തിക്കുന്ന ട്രേഡ് യൂണിയൻ, മാനേജ്മെൻറ് അസോസിയേഷൻ, നഴ്സുമാരുടെ സംഘടനകൾ എന്നിവരുടെ 05.03.2012 -ൽ യോഗം ചേർന്ന് ചർച്ച ചെയ്തിരുന്നു. ഈ ചർച്ചകളിൽ നഴ്സുമാരിൽ അധികവും സാധാരണ കുടുംബങ്ങളിൽ ഉള്ളവരാണെന്നും വിദേശരാജ്യങ്ങളിൽ ഉൾപ്പെടെ മെച്ചപ്പെട്ട തൊഴിൽ അവസരങ്ങൾ ലഭിയ്ക്കുന്നതിന് പ്രായോഗിക പരിചയം അനിവാര്യമാണെന്ന അഭിപ്രായത്തിൻെറ അടിസ്ഥാനത്തിലാണ് കോഴ്സ് പൂർത്തിയാകുന്ന നഴ്സുമാർക്ക് സ്റ്റൈപ്പൻേറാടുകൂടി ഒരു വർഷത്തെ ട്രെയിനിംഗ് നൽകുവാൻ വ്യവസ്ഥ ചെയ്ത് 04.08.2012 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 1198/2012/തൊഴിൽ പ്രകാരം ഉത്തരവായിട്ടുള്ളത്. |
| (ബി) ബോണ്ടു വ്യവസ്ഥയും ട്രെയിനിംഗ് വ്യവസ്ഥയും നിരോധിച്ചുകൊണ്ടുള്ള സുപ്രീംകോടതി വിധിയെ ത്തുടർന്ന് ഇന്ത്യൻ നഴ്സിംഗ് | (ബി) നടപ്പാക്കിയിട്ടുണ്ട്. |

കൗൺസിൽ നൽകിയ ഉത്തര വിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന നഴ്സിംഗ് കൗൺസിൽ നൽകിയ നിർദ്ദേശം ഇതുവരെ നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) സർക്കാരിന്റെ പ്രസ്തുത നടപടി സ്വകാര്യ ആശുപത്രി കൾക്ക് നഴ്സുമാരെ ട്രെയിനി കൾ എന്ന പേരിൽ നിയമിച്ചു തൊഴിൽ ചൂഷണം നടത്താൻ ഇടയാക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സർക്കാർ ഉത്തരവ് റദ്ദാക്കി തൊഴിൽ ചൂഷണത്തിനെതിരെ നിയമനടപടിക്ക് തയ്യാറാകുമോ; വിശദമാക്കാമോ ?

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ആഫീസർ.